# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 6** — **30-11-2015-ൽ മറുപടിയ്ക്ക്**

## കാരുണ്യ ബെനവലന്റ് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വർക്കല കഹാർ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. എം. പി. വിൻസെന്റ്<br>ശ്രീ. പി.എ. മാധവൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് കാരുണ്യ ബെനവലന്റ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) & (ബി) സംസ്ഥാനത്ത് കാരുണ്യബെനവലന്റ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് നം. (എം.എസ്.) 7/2012/ടി.ഡി. തീയതി 30-1-2012 പ്രകാരം പദ്ധതി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. സർക്കാർ ഉത്തരവ് നം. (എം.എസ്.) 26/2012/ടി.ഡി. തീയതി 21/02/2012 പ്രകാരം കാരുണ്യബെനവലന്റ് ഫണ്ട് പദ്ധതി നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാരകമായ രോഗങ്ങൾ പിടിപ്പെട്ടവരും വർദ്ധിച്ചു വരുന്ന ചികിത്സാ ചെലവുമൂലം വിദഗ്ധ ചികിത്സയ്ക്ക് പണം കണ്ടെത്തുവാൻ ബുദ്ധിമുട്ടുന്നവരുമായ സമൂഹത്തിലെ പാവപ്പെട്ട രോഗികൾക്ക് ആവശ്യമായ വിദഗ്ധ ചികിത്സ സൗജന്യമായി നൽകുന്നതിന് ആവിഷ്ക്കരിച്ച പദ്ധതിയാണ് കാരുണ്യ ബെനവലന്റ് ഫണ്ട്. സമൂഹത്തിലെ നിർധനരായ രോഗികൾക്ക് ചികിത്സാസഹായം ലഭ്യമാക്കുന്നതിന് രൂപീകരിക്കപ്പെട്ട കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തുടക്കത്തിൽ ക്യാൻസർ, വൃക്കരോഗം, ഹീമോഫീലിയ എന്നീ രോഗങ്ങളുടെ ചികിത്സ, കരൾ, തലച്ചോർ സർജറി, വൃദ്ധജനങ്ങൾക്ക് സാന്ത്വന ചികിത്സ എന്നീ രോഗങ്ങളായിരുന്നുപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതെങ്കിലും ഇപ്പോൾ മാരകമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്ന നാഡി |

എന്നിവയുണ്ടാകുന്ന മാരകമായ രോഗങ്ങൾ എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയിൽ നിന്നും നൽകുന്ന പരമാവധി ധനസഹായം 2 ലക്ഷം രൂപയാണ്. എന്നാൽ ഹീമോഫീലിയ രോഗികൾക്ക് ഇപ്പോൾ പരിധിയില്ലാതെ ചികിത്സാധനസഹായം അനുവദിക്കുന്നുണ്ട്. എല്ലാ ബി.പി.എൽ. കുടുംബങ്ങളും കൂടാതെ വാർഷിക വരുമാനം 3 ലക്ഷം രൂപ വരെയുള്ള എ.പി.എൽ കുടുംബങ്ങളും ഈ പദ്ധതിയുടെ ധനസഹായം ലഭിക്കുവാൻ അർഹരാണ്.

ഇൻപേഷ്യന്റ്/ ഔട്ടപേഷ്യന്റ് ചികിത്സക്കു വിധേയമാകുന്ന എല്ലാ അസുഖങ്ങൾക്കും നിശ്ചിത ഗുണഭോക്താക്കൾക്ക് പരമാവധി 5000/- രൂപവരെ ഒറ്റത്തവണ ധനസഹായവും അനുവദിക്കുന്നുണ്ട്. കൂടാതെ താഴെ പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1) കാരുണ്യാ ചികിത്സാ പദ്ധതിയിൽ ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും, പരിയാരം സഹകരണ മെഡിക്കൽ കോളേജ്, എന്നിവിടങ്ങളിലും കൂടാതെ ശ്രീ ചിത്തിര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർസെന്റർ തുടങ്ങിയവയിലും ചികിത്സ തേടുന്നവർക്ക് മാത്രമേ ധനസഹായം നല്കിയിരുന്നുള്ളു. എന്നാൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ ആധുനിക ചികിത്സാ സൗകര്യങ്ങൾ പദ്ധതി ഗുണഭോക്താക്കൾക്കു ലഭ്യമാകണമെന്ന ഉദ്ദേശ്യത്തോടെ പദ്ധതി പാക്കേജുകളും നിരക്കും അംഗീകരിച്ച് പദ്ധതി ഗുണഭോക്താക്കൾക്ക് കാഷ്ലസ് ചികിത്സ നൽകുന്നതിനു തയ്യാറായി വന്നിട്ടുള്ള സർക്കാരിതര ആശുപത്രികളെ ഈ

പദ്ധതിയുടെ കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. ഇതിനകം സംസ്ഥാനത്തെ 75 സർക്കാരിതര ആശുപത്രികൾ പദ്ധതിയിൽ അക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത ആശുപത്രികളിൽ പദ്ധതിയിൻ കീഴിൽ ചികിത്സ നടന്നുവരുന്നുണ്ട്.

2) വൃക്കരോഗികൾക്ക് യഥാസമയം ഡയാലിസിസ് ലഭ്യമാക്കുന്നതിന് പദ്ധതി വ്യവസ്ഥകളും നിരക്കുകളും അനുസരിച്ച് ചികിത്സനൽകാനായി സംസ്ഥാനത്തെ 31 സ്വകാര്യ ഡയാലിസിസ് സെന്ററുകൾക്ക് അംഗീകാരം നൽകുകയും അവയിൽ 29 എണ്ണം പ്രവർത്തന ക്ഷമവുമാണ്.

3) തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ 5 സർക്കാർ മെഡിക്കൽ കോളേജുകളിൽ 10 മെഷീനുകൾ വീതമുള്ള കാരുണ്യ ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കാൻ അനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കാരുണ്യ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം 11/07/2013 മുതൽ പൂർണ്ണമായ രീതിയിൽ ആരംഭിച്ചിട്ടുണ്ട്.

4) കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ സഹായത്തോടെ സംസ്ഥാനത്തെ 27 ജില്ല/താലൂക്ക് സർക്കാർ ആശുപത്രികളിൽ കൂടി സംസ്ഥാന ആരോഗ്യ വകുപ്പ് ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

5) അപേക്ഷ ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ ലഭിച്ച തീയതി മുതൽക്കാണ് ധനസഹായത്തിനർഹത കണക്കാക്കുന്നത്. എന്നാൽ സർക്കാർ ആശുപത്രികളിൽ അടിയന്തിര

ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന രോഗികൾക്ക് അടുത്ത 72 മണിക്കൂറിനുള്ളിൽ അപേക്ഷ ജില്ലാ ഓഫീസിൽ നൽകാവുന്നതാണ്. ഇത് സംബന്ധിച്ച് ഡോക്ടറുടെ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്.

6) ദൂര സ്ഥലങ്ങളിൽ നിന്നും വരുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും ചുരുങ്ങിയ ചിലവിൽ വിശ്രമിക്കുന്നതിനും താമസിക്കുന്നതിനും സൗകര്യമേർപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് കാരുണ്യ ഹോമുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത ഹോമുകളുടെ നിർമ്മാണ പ്രവർത്തന രീതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ തയ്യാറായി വരുന്നു.

7) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് കാരുണ്യ ഹോം നിർമ്മിക്കുന്നതിന് മെഡിക്കൽ കോളേജുകളുടെ ഉടമസ്ഥതയിലുള്ളതും കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സൗകര്യങ്ങളുള്ളതുമായ സ്ഥലം പ്രസ്തുത ആശുപത്രി അധികൃതർ കണ്ടെത്തി കാരുണ്യ ബെനവലന്റ് ഫണ്ടിലേയ്ക്ക് നൽകുന്ന ക്രമത്തിൽ കാരുണ്യ ഹോമുകൾ നിർമ്മിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

(സി) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

(സി) <u>ഭരണ തലത്തിൽ എടുത്തിട്ടുള്ള നടപടികൾ.</u>

ചികിത്സാസഹായത്തിനുള്ള അപേക്ഷകൾ ബന്ധപ്പെട്ട ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിലാണ് സ്വീകരിക്കുന്നത്. ജില്ലാ കളക്ടർ ചെയർമാനും ജില്ലാ ഭാഗ്യക്കുറി ഓഫീസർ കൺവീനറുമായുള്ള ഒരു ജില്ലാതല സമിതി അപേക്ഷ പരിശോധിച്ച് സംസ്ഥാനതല സമിതിക്ക് ശുപാർശ ചെയ്യുന്നു. ജില്ലാസമിതിയുടെ അംഗങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

ചെയർമാൻ: ജില്ലാകളക്ടർ.

കൺവീനർ: ജില്ലാഭാഗ്യക്കുറി ഓഫീസർ.

**അംഗങ്ങൾ:**

ജില്ലാ മെഡിക്കൽ ഓഫീസർ.

സൂപ്രണ്ട്, മെഡിക്കൽ കോളേജ് ആശുപത്രി.

സൂപ്രണ്ട്, ജില്ലാ ആശുപത്രി.

വിദഗ്ദ്ധ ഡോക്ടർമാർ. (വിവിധ മേഖലയിൽനിന്നുള്ളവർ)

കോ-ഓർഡിനേറ്റർ, ആർ.എസ്.ബി.വൈ.

ജില്ലാ ലെയ്സൺ ഓഫീസർ.

ഇപ്രകാരം ജില്ലാതലത്തിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ ഓൺലൈനായി കാരുണ്യഹെഡ് ആഫീസിലേയ്ക്ക് അയക്കുന്നു. ഇവിടെ ഇത് പ്രോസ്സസ് ചെയ്ത് സംസ്ഥാനതല സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. സംസ്ഥാനതല സമിതിയുടെ അംഗീകാരം ലഭിച്ച് ചികിത്സാ ധനസഹായതുക ബന്ധപ്പെട്ട ആശുപത്രികളിലേയ്ക്ക് അയക്കുന്നു.

സംസ്ഥാനതല സമിതി അംഗങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

ചെയർമാൻ: ധനകാര്യ വകുപ്പ് മന്ത്രി

കൺവീനർ: കാരുണ്യ ബെനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്റർ

**അംഗങ്ങൾ:**

പ്രിൻസിപ്പൽ സെക്രട്ടറി (ഫൈനാൻസ്).

പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യവകുപ്പ്).

പ്രിൻസിപ്പൽ സെക്രട്ടറി (നികുതി വകുപ്പ്).

ഡയറക്ടർ, സ്റ്റേറ്റ് ലോട്ടറീസ്.

മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ.

ഡയറക്ടർ, ഹെൽത്ത് സർവീസസ്.

ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസം.

ചെയർമാൻ, സംസ്ഥാന ലോട്ടറി ഏജന്റ്സ് & സെല്ലേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്.

ഡോ.പി.കുസുമകുമാരി, അഡീഷണൽ ഡയറക്ടർ,

ആർ.സി.സി., തിരുവനന്തപുരം.

ഡോ. എബ്രഹാം ജോസഫ്, തിരുവനന്തപുരം.

ശ്രീമതി. ലക്ഷ്മി രാജീവ്, കവടിയാർ, തിരുവനന്തപുരം.

കാരുണ്യ ഹെഡ് ഓഫീസിൽ ഭാഗ്യക്കുറി വകുപ്പിൽ നിന്നും ജോയിന്റ് ഡയറക്ടർ തസ്തികയിൽ നോഡൽ ആഫീസറായിട്ടുള്ള ഉദ്യോഗസ്ഥനാണ് കാരുണ്യയുടെ ഭരണനിർവ്വഹണം നടത്തുന്നത്. ജില്ലാതലത്തിൽ ജില്ലാഭാഗ്യക്കുറി ആഫീസിനോടനുബന്ധിച്ച് ലെയ്സൺ ആഫീസറും, ഡാറ്റാഎൻട്രി ഓപ്പറേറ്റർമാരും കാരുണ്യ പദ്ധതിയുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ നടത്തിവരുന്നു.

Jayant

**സെക്ഷൻ ഓഫീസർ.**